നമ്പർ. പി.റ്റി/17247/2014. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 4.8.2014.

**സർക്കുലർ നമ്പർ. 38/2014**

വിഷയം – സഹകരണ വകുപ്പ്– സഹകരണ വകുപ്പിന്റെ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ ''സഹകരണ വീഥി'' മാസികയിൽ സഹകരണ വകുപ്പിലെയും സഹകരണ സ്ഥാപനങ്ങളിലെയും എല്ലാ ജീവനക്കാരും വരിക്കാരാകുന്നത്– നിർദ്ദേശം പുറപ്പെടുവിക്കുന്നത് –സംബന്ധിച്ച്.

.....

സംസ്ഥാന സഹകരണ വകുപ്പിന്റെ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ ''സഹകരണ വീഥി'' മാസികയുടെ വരിക്കാരാകുന്നതിൽ സഹകരണ വകുപ്പിലെയും, സഹകരണ സംഘങ്ങളിലെയും ജീവനക്കാരുടെ എണ്ണം കുറവായി കാണുന്നു. സഹകരണം സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ പ്രധാനപ്പെട്ട സർക്കാർ ഉത്തരവുകൾ, സഹകരണ മേഖലയുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, ഇതര വിഷയങ്ങൾ എന്നിവ ''സഹകരണ വീഥി'' മാസികയിലൂടെ പ്രസിദ്ധീകരിക്കുന്നുണ്ട്. മാസികയുടെ ടി ഉള്ളടക്കം സഹകരണ സംഘങ്ങളുമായി ഇടപഴകുന്ന വകുപ്പിലെയും, സഹകരണ സംഘങ്ങളിലെയും ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ചുമതലകൾ നിർവഹിക്കുന്നതിൽ പ്രയോജനപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ആയതിനാൽ സഹകരണ വകുപ്പിലെ ജീവനക്കാരും, സഹകരണ സംഘങ്ങളിലെ ജീവനക്കാരും ''സഹകരണ വീഥി'' മാസികയുടെ വരിക്കാരാകുന്നതിന് താൽപ്പര്യപ്പെടുന്നു. ജീവനക്കാരെ വരിക്കാരാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സംഘം ഭാരവാഹികൾ, ഉദ്യോഗസ്ഥർ സ്വീകരിച്ച് വരിസംഖ്യാ തുക, പേര്, വിലാസം എന്നിവയടങ്ങുന്ന വിശദ പട്ടിക സഹിതം അയച്ചു തരുന്നതിനുള്ള നടപടി സ്വീകരിക്കുവാനും നിർദ്ദേശിക്കുന്നു.

‘‘സഹകരണ വീഥി’’ മാസികയുടെ 1 വർഷത്തെ വരിസംഖ്യ 140/–രൂപയും, 5 വർഷത്തേയ്ക്ക് 600/– രൂപയുമാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം സ്റ്റാച്യൂ ശാഖയിൽ മാറാവുന്ന വിധത്തിലാണ് എടുക്കേണ്ടതെന്നും അറിയിക്കുന്നു.

ഒപ്പ്
എസ്.ലളിതാംബിക ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

,

നമ്പർ. പി.റ്റി(1)3735/2012. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 7.2.2012.

## യു.ഒ.നോട്ട്

വിഷയം – സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് യൂണിയന്റെ സ്റ്റാഫായ ശ്രീമതി. ബൈജി.സി.വർഗ്ഗീസ് ചാലക്കുടി അർബൻ സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പ കുടിശ്ശികയായത് സഹകരണ വിജിലൻസിൽ നടപടി സ്വീകരിക്കുന്നതു –സംബന്ധിച്ച്.

സൂചന – ചാലക്കുടി അർബൻ സഹകരണ ബാങ്ക് കൺവീനറുടെ 21.1.12–ലെ കത്ത്.

.....

സൂചനയിലെ കത്തിന്റെ അസ്സൽ മേൽ നടപടികൾക്കായി ഇതോടൊപ്പം നൽകുന്നു.

ജോയിന്റ് രജിസ്ട്രാർ(എസ്.സി/എസ്.റ്റി)

വിജിലൻസ് സെക്ഷന്

ഡി.8.2.12